ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം റോഡ് നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതിനല്കി ; അവയിൽ എത്ര എണ്ണം പൂർത്തിയായി ; എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട് ; വിശദാംശം നൽകുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പാണപ്പുഴ-പാണപ്പുഴച്ചാൽ റോഡിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി ടെണ്ടർ ചെയ്ത് ജൂൺ മാസത്തിൽ കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ തൈവച്ചപറമ്പ്-നരിക്കാട്ടേരി റോഡ്

7 (4042) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ തൈവച്ചപറമ്പ്-നരിക്കാട്ടേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് തീരുമാനം എടുത്തു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൈവച്ചപറമ്പ്-നരിക്കാട്ടേരി കനാൽ റോഡിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ടെണ്ടർ ചെയ്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) ടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡ് നിർമ്മിക്കാൻ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ഇതിനാൽ ch 2/255 to 3/465 വരെയുള്ള 1260 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്താൻ ചീഫ് എഞ്ചിനീയർ (പി.എം.ജി.എസ്.വൈ.) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി

8 (4043) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയിട്ടുള്ളത് ; അന്വേഷണ ഏജൻസി പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ടിൽ എന്തൊക്കെ കണ്ടെത്തലുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ (CITU) എന്ന സംഘടന നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഡി-ഡിറ്റിലെ കൊറിയർ ഇടപാട് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെപ്പറയുന്നു :

1. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് കൊറിയർ ഏജൻസിയെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടേണ്ടതാണ്.

2. കൊറിയർ സ്ഥാപനത്തെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുന്ന പ്രക്രിയയിൽ പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുക.

3. കൊറിയർ ഏജൻസിയുടെ മേൽവിലാസം പരിശോധിക്കാൻ ബാധ്യസ്ഥരായിരുന്ന എന്നാൽ കൃത്യം നിർവ്വഹിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly